"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: E1-31316/2023/PrHQ ; തീയതി : 16-10-2023

ബൂത്ത് ലെവൽ ഓഫീസർ ഡ്യൂട്ടി/തിരഞ്ഞെടുപ്പ് ഡ്യൂട്ടി എന്നിവയ്ക്ക് നിയോഗിക്കപ്പെടുന്ന സർക്കാർ ജീവനക്കാർക്കുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സർക്കുലറിന്റെ പകർപ്പ് അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Preetha.V.S

പ്രീത വി എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: **ഡി.ഐ.ജി (പ്രിസൺസ്)**
ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണമേഖല

എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

പകർപ്പ് : ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം-EL4/43/2022-ELEC
ഇലക്ഷൻ (ജനറൽ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 07-10-2023

<u>സർക്കുലർ</u>

വിഷയം:- മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം - ബൂത്ത് ലെവൽ ഓഫീസർ ഡ്യൂട്ടി/ തിരഞ്ഞെടുപ്പ് ഡ്യൂട്ടി എന്നിവക്ക് നിയോഗിക്കപ്പെടുന്ന സർക്കാർ ജീവനക്കാർക്കുള്ള നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

**********************

ബി.എൽ.ഒ. മാരായി നിയമിക്കപ്പെടുന്നതിൽ നിന്നും വിട്ടുനിൽക്കാനുള്ള പ്രവണത സംസ്ഥാന സർക്കാർ ജീവനക്കാരിൽ കണ്ടുവരുന്നത് സംസ്ഥാനത്തെ വോട്ടർ പട്ടികയുടെ തയ്യാറാക്കലിലും തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിലും വലിയ പ്രതിസന്ധിയുണ്ടാക്കുന്നുണ്ട്. ബി.എൽ.ഒ. നിയമനത്തിനായുള്ള ഡാറ്റാബാങ്കിലേക്ക് യോഗ്യരായവരുടെ വിവരം നൽകുന്നതിന് പോലും പല വകുപ്പുകളും മടികാണിക്കുന്നുണ്ട്. ഭരണഘടനാധിഷ്ഠിതമായി ചെയ്യേണ്ട പട്ടിക പുതുക്കലിനേയും തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളെയും സംബന്ധിച്ച് സർക്കാർ ജീവനക്കാർക്കിടയിൽ വേണ്ടത്ര അവബോധം ഇല്ലാത്തതാണ് ഈയൊരു പ്രതിസന്ധി സൃഷ്ടിക്കുന്നത്.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 324 (1) അനുസരിച്ച് പാർലമെന്റ്, സംസ്ഥാന നിയമസഭ, രാഷ്ട്രപതി, ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകൾ നടത്തുന്നതിനും വോട്ടർ പട്ടിക തയ്യാറാക്കുന്നതിനും ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷനെയാണ് അധികാരപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് മതിയായ ജീവനക്കാരെ കമ്മീഷന് വിട്ട് നൽകേണ്ടത് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 324 (6) പ്രകാരം സ്റ്റേറ്റിന്റെ ബാധ്യതയാണ്.
ജനപ്രാതിനിധ്യ നിയമം, 1950 സെക്ഷൻ 13 CC, ജനപ്രാതിനിധ്യ നിയമം, 1951, സെക്ഷൻ 28 A എന്നിവ അനുസരിച്ച് യഥാക്രമം വോട്ടർ പട്ടികയുടെ തയ്യാറാക്കലിലും, തിരഞ്ഞെടുപ്പ് നടത്തിപ്പിലും ഏർപ്പെട്ടിരിക്കുന്നവർ ബഹു. ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും അച്ചടക്കത്തിലുമായിരിക്കും പ്രവർത്തിക്കുന്നത്.

ആയതിനാൽ എല്ലാ വകുപ്പ് മേധാവികളും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. തങ്ങളുടെ യോഗ്യരായ ജീവനക്കാരെ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു - അനുബന്ധം -A) ബി.എൽ.ഒ. ഡാറ്റാബാങ്കിലേക്ക് ചേർക്കുന്നതിന് ആവശ്യമായ വിവരങ്ങൾ അതാത്

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് (തഹസിൽദാർ) ആവശ്യപ്പെടുന്ന മുറയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. ഭരണഘടനാധിഷ്ഠിതമായി ചെയ്യേണ്ട വോട്ടർ പട്ടിക പുതുക്കലിനേയും തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളെയും സംബന്ധിച്ച് തങ്ങളുടെ ജീവനക്കാർക്കിടയിൽ വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ പ്രവർത്തനങ്ങളിൽ നിന്നും വിട്ടുനിൽക്കുന്നത് ജനപ്രാതിനിധ്യ നിയമപ്രകാരമുള്ള നടപടി /വകുപ്പ്തല നടപടി എന്നിവയ്ക്ക് ഇടയാക്കുമെന്നും ജീവനക്കാരെ ബോധ്യപ്പെടുത്തേണ്ടതാണ്. (അച്ചടക്ക നടപടി സംബന്ധിച്ച ബഹു. ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ 31.05.2023-ലെ 04/2023/SDR/Vol-I നമ്പർ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).
3. മതിയായ കാരണങ്ങളില്ലാതെ ബി.എൽ.ഒ. ഡ്യൂട്ടി ചെയ്യാൻ വിമുഖത കാണിക്കുന്ന ജീവനക്കാർക്കെതിരെ ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ (ജില്ലാ കളക്ടർ) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കേണ്ടതും നടപടി റിപ്പോർട്ട് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് യഥാസമയം ലഭ്യമാക്കേണ്ടതുമാണ്.

സഞ്ജയ് എം കൗൾ
SECRETARY & CHIEF ELECTORAL
OFFICER

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറിമാർക്ക്.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും (ഇ-ഓഫീസ് മുഖേന)
എല്ലാ വകുപ്പ് മേധാവികൾക്കും.
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ / ജില്ലാ കളക്ടർമാർക്കും
എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ/ തഹസിൽദാർമാർക്കും
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shivlal R V
Date: 07-10-2023 15:42:07

സെക്ഷൻ ഓഫീസർ

# അനുബന്ധം - A



## ബൂത്ത് ലെവൽ ഓഫീസർമാരുടെ നിയമനം-നിർദ്ദേശങ്ങൾ

ബൂത്ത് ലെവൽ ഓഫീസർമാരുടെ നിയമനത്തിനായി ഓൺലൈൻ രജിസ്ട്രേഷൻ വഴി നിയമസഭാ നിയോജക മണ്ഡലത്തിലെ പോളിംഗ് സ്റ്റേഷൻ അടിസ്ഥാനത്തിൽ സർക്കാർ വകുപ്പുകളിലെ ജീവനക്കാരുടെ ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നു. സർവ്വീസിലിരിക്കുന്ന സർക്കാർ ജീവനക്കാരെയാണ് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ബൂത്ത് ലെവൽ ഓഫീസർമാരായി വിഭാവനം ചെയ്യുന്നത്. ബൂത്ത് ലെവൽ ഓഫീസർമാർ വോട്ടർപട്ടിക തയ്യാറാക്കുന്നതിനായി, പോളിംഗ് സ്റ്റേഷൻ അടിസ്ഥാനത്തിൽ ഒന്ന് എന്ന കണക്കിൽ നിയമസഭാ നിയോജക മണ്ഡലത്തിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറാണ് (തഹസിൽദാർ) ജില്ലാതിരഞ്ഞെടുപ്പ് ഓഫീസറുടെ (ജില്ലാ കളക്ടർ) അംഗീകാരത്തോടെ ജനപ്രാതിനിധ്യ നിയമം,1950 സെക്ഷൻ 13 B(2) അനുസരിച്ച് ബൂത്ത് ലെവൽ ഓഫീസർമാരെ (ബി.എൽ.ഒ.) നിയമിക്കുന്നത്. തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം വരാതെ ഓഫീസ് സമയത്തിന് ശേഷവും ഒഴിവ് ദിവസങ്ങളിലുമാണ് ബൂത്ത് ലെവൽ ഓഫീസർമാരുടെ ചുമതല നിർവ്വഹിക്കേണ്ടത്. ബൂത്ത് ലെവൽ ഓഫീസർമാർ ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷനെ ഏറ്റവും താഴെത്തട്ടിൽ പ്രതിനിധീകരിക്കുന്നവരാണ്. ജനാധിപത്യ പ്രക്രിയയിൽ വോട്ടർപട്ടികയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് വളരെ പ്രാധാന്യമുണ്ട്. അതുകൊണ്ട് തന്നെ മുഴുവൻ സമയ ചുമതലക്കാരല്ലെങ്കിലും ബൂത്ത് ലെവൽ ഓഫീസർമാരുടെ ജോലി പ്രധാനപ്പെട്ടതാണ്. ജനപ്രാതിനിധ്യ നിയമം,1950 സെക്ഷൻ 13 CC അനുസരിച്ച് ബൂത്ത് ലെവൽ ഓഫീസർമാരുടെ ചുമതല നിർവ്വഹിക്കുന്ന കാലത്തോളം, വോട്ടർപട്ടികയുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന മറ്റേതൊരാളെ പോലെയും ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഡെപ്യൂട്ടേഷനിലായിരിക്കും ബി.എൽ.ഒ.മാർ. മാന്വൽ ഓൺ ഇലക്ടറൽ റോൾ അധ്യായം 5, ബൂത്ത് ലെവൽ ഓഫീസർമാരുടെ നിയമനം, ചുമതല, കർത്തവ്യം എന്നിവ സംബന്ധിച്ച് വിശദമാക്കുന്നു.

<u>നിയമന രീതി</u>

സർക്കാർ ജീവനക്കാർ താൻ വോട്ടറായുള്ള പോളിംഗ് സ്റ്റേഷനിൽ ബൂത്ത് ലെവൽ ഓഫീസറായി പ്രവർത്തിക്കുന്നതിന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ വെബ്സൈറ്റിൽ (www.ceo.kerala.gov.in/bloRegistration.html) ഓൺലൈനായി EPIC (തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്) നമ്പർ ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കണം. അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന രസീത് പ്രിന്റ് ചെയ്തെടുത്ത് അപേക്ഷകൻ സൂക്ഷിക്കേണ്ടതാണ്. അപേക്ഷകൾ അതത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് പോളിംഗ് ബൂത്ത് അടിസ്ഥാനത്തിൽ ലഭ്യമാകും. അപേക്ഷകൾ പരിശോധിച്ച് യോഗ്യമെന്ന് കണ്ടെത്തിയാൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ സ്വീകരിക്കുകയും അല്ലാത്തവ നിരാകരിക്കുകയും ചെയ്യും. സ്വീകരിക്കപ്പെട്ട അപേക്ഷകൾ ചേർത്ത് ബൂത്ത് ലെവൽ ഓഫീസർമാരായി നിയമിക്കുന്നതിന് സർക്കാർ ജീവനക്കാരുടെ ഡാറ്റാ ബാങ്ക് രൂപീകരിക്കും. ബൂത്ത്

ലെവൽ ഓഫീസർമാരെ ഒഴിവ് വരുമ്പോൾ യഥാസമയം ഡാറ്റാ ബാങ്കിൽ നിന്ന് നിയമിക്കും. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ആവശ്യപ്പെടുമ്പോൾ അപേക്ഷകൻ രസീതും പാസ്പോർട്ട് സൈസ് ഫോട്ടോയുമായി ഒദ്യോഗിക തിരിച്ചറിയൽ കാർഡ് സഹിതം നേരിട്ടെത്തണം. തുടർന്ന് നിയമന ഉത്തരവും ഐഡി കാർഡും നൽകും.

ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രവർത്തനങ്ങൾ മിക്കതും സാങ്കേതിക വിദ്യയിലധിഷ്ഠിതമായതിനാൽ അപേക്ഷകർ ആൻഡ്രോയിഡ് ഫോൺ സ്വന്തമായുള്ളവരും കമ്മീഷന്റെ വിവിധ ആപ്പുകൾ കൈകാര്യം ചെയ്യുവാൻ കഴിവുള്ളവരുമാകണം. വർഷത്തിൽ 7200 രൂപ ഫോൺ ചാർജ്ജുൾപ്പെടെ ഹോണറേറിയം ലഭിക്കും. (ഹോണറേറിയം-6000, ഫോൺ ചാർജ്ജ്-1200). ഫോം വെരിഫിക്കേഷന് ഫോമിന് 4 രൂപ നിരക്കിലും തിരഞ്ഞെടുപ്പ് വകുപ്പുമായി ബന്ധപ്പെട്ട മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് 100 രൂപ നിരക്കിലും അർഹതയുണ്ടായിരിക്കും.

താഴെപ്പറയുന്ന വിഭാഗത്തിൽ ഉൾപ്പെടുന്നവർ അപേക്ഷിക്കേണ്ടതില്ല.

1. ഗസറ്റഡ് ജീവനക്കാർ

2. അവശ്യസർവ്വീസുകളായ വകുപ്പുകളിലെ ജീവനക്കാർ

(ആരോഗ്യം, ഗതാഗതം)

3. സുരക്ഷാ വിഭാഗങ്ങളായ വകുപ്പുകളിലെ ജീവനക്കാർ

(പോലീസ്, ഫയർഫോഴ്സ്, എക്സൈസ്, വനം-വന്യജീവി)

4. പബ്ലിക് യൂട്ടിലിറ്റി സർവ്വീസുകളായ വകുപ്പ്/ സ്ഥാപനത്തിലെ ജീവനക്കാർ

(കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ. തുടങ്ങിയവ)

5. അർദ്ധ സർക്കാർ/ പൊതുമേഖല/ കമ്പനി/ ബോർഡ്/ കോർപ്പറേഷൻ/ ധനകാര്യ/ ബാങ്കിംഗ്/ ജുഡീഷ്യൽ ജീവനക്കാർ

6. വിരമിച്ച ജീവനക്കാർ

7. നിലവിൽ ബി.എൽ.ഒ.മാരായി പ്രവർത്തിക്കുന്നവർ

വിവിധ കാരണങ്ങളാൽ ബൂത്ത് ലെവൽ ഓഫീസർമാരുടെ ചുമതലയിൽ നിന്ന് നേരത്തെ ഒഴിവാക്കപ്പെട്ടവരും, തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ നിന്ന് മാറ്റി നിർത്തപ്പെട്ടവരും അപേക്ഷിക്കേണ്ടതില്ല.

**Speed Post/E-mail**

# ELECTION COMMISSION OF INDIA

Nirvachan Sadan, Ashoka Road, New Delhi-110001

No.4/2023/SDR/Vol.I Dated: 31st May, 2023

To,

1. The Chief Secretaries of all States & UTs
2. The Chief Electoral Officers of all States & UTs

**Sub: Disciplinary proceedings against officials appointed for election related activities– Consolidated instructions- regarding.**

**Reference:**

1. Order No. 4/2001/JS-II dated 07.02.2001
2. Letter No. 4/2009/SDR dated 07.11.2009
3. Letter No. 4/2009/SDR dated 02.02.2010
4. Letter No. 464/INST/2009/EPS dated 31.03.2009, and
5. Letter No. 464/INST/2019/EPS dated 17.12.2019

Madam/Sir,

Under Article 324(1) of the Constitution of India superintendence, direction and control of the preparation of the electoral rolls and the conduct of all elections to Parliament and to the Legislature of every State and of elections to the offices of President and Vice President shall be vested in the Election Commission. Conduct of election and preparation of electoral rolls involve diverse activities at various levels which require sizable number of officials and field level functionaries of the State Governments involved in such exercises. For this purpose, Article 324(6) further provides that the President or the Governor of the State, shall, when so requested by the Election Commission; make available such staff as may be necessary for the discharge of the above functions conferred on the Election Commission.

2. In pursuance of the above constitutional provisions, a well defined structure of electoral machinery has been provided in the election laws, contained in Part II(A) (Sec.13A to 13CC) of R.P.Act, 1950 and corresponding provisions given in Part IV (Sec.20 to 29) of R.P.Act, 1951.

3. <u>The officials shall be on deemed deputation to Election Commission of India.</u>

3.1 In this connection, attention is invited to Section 13CC of the R.P. Act, 1950 which is reproduced as under: -

***Section 13CC of the Representation of the People Act, 1950. Chief Electoral Officers, District Election Officers, etc., deemed to be on deputation to Election Commission.—The officers referred to in this Part and any other officer or staff employed in connection with the preparation, revision and correction of the electoral rolls for, and the conduct of, all elections shall be deemed to be on deputation to the Election Commission for the period during which they are so employed and such officers and staff shall, during that period, be subject to the control, superintendence and discipline of the Election Commission.***

3.2 A similar provision is contained in Section 28A of the R.P. Act, 1951 which states as follows:

***Section 28A of the Representation of the People Act, 1951. Returning officer, presiding officer, etc., deemed to be on deputation to Election Commission.— The returning officer, assistant returning officer, presiding officer, polling officer and any other officer appointed under this Part, and any police officer designated for the time being by the State Government, for the conduct of any election shall be deemed to be on deputation to the Election Commission for the period commencing on and from the date of the notification calling for such election and ending with the date of declaration of the results of such election and accordingly, such officers shall, during that period, be subject to the control, superintendence and discipline of the Election Commission.***

3.3 In view of Section 28A of 1951 Act, all the State Govt. officials who have been involved in elections in any capacity, also shall deemed to be on deputation to the Commission. These include the Chief Secretary, Home Secretary and all police officers / police personnel starting from the DGP/IGP/Commissioner of police at the top level to Inspectors, Sub-Inspectors and Constables (including home guards). They are thus by law, officers of the Commission being on deputation to it and are subject to its control, superintendence and discipline and are answerable

to the Commission, for any act of Commission on their part while performing any election related duties.

4. **Extent of disciplinary/jurisdiction of ECI** -

4.1 The question of true purport and extent of discipline jurisdiction of the Commission under Section 13CC of the RP Act, 1950 and Section 28A of the RP Act, 1951, was raised before the Hon'ble Supreme Court in WP(C) No. 606 of 1993 (Election Commission of India Vs. Union of India and others).

4.2 The Hon'ble Supreme Court, by its Order dated 21.09.2000 disposed of the above writ petition in terms of the Terms of Settlement arrived at between the Commission and the Union Government.

The Terms of Settlement referred to above are reproduced below:

*"That the disciplinary functions of the Election Commission of India over officers, staff and police deputed to perform election duties during election period shall extend to-*

*(a) Suspending any officer/official/police personnel for insubordination or dereliction of duty;*

*(b) Substituting any officer/official/police personnel by another such person, and returning the substituted individual to the cadre to which he belongs, with appropriate report on his conduct;*

*(c) Making recommendation to the competent authority, for taking disciplinary action, for any act of insubordination or dereliction of duty, while on election duty. Such recommendation shall be promptly acted upon by the disciplinary authority, and action taken will be communicated to the Election Commission, within a period of six months from the date of the Election Commission's recommendations;*

*(d) The Government of India will advise the State Governments that they too should follow the above principles and decisions, since a large number of election officials are under administrative control."*

4.3 In pursuance of the Hon'ble Supreme Court's above said Order dated 21.09.2000, the Govt. of India (Department of Personnel & Training) issued an OM on 7.11.2000 and a letter dated 8.11.2000 to all State Govt. / UT Administration asking them to comply with the above

terms of settlement. Consequently the Commission has issued an Order No. 4/2001/JS-II dated 07.02.2001 (copy enclosed) that the disciplinary action against officers, staff and police personnel deputed to perform election duties during an election shall be governed by the above principles and decisions agreed to between the Union Government and the Election Commission and as held by the Supreme Court in the said Order dated 21.09.2000.

4.4 DoPT vide OM dated 07.11.2000 had clarified that it was not necessary to amend the service rules for exercise of powers of suspension by the Commission since these powers were derived from the provisions of Section 13CC of the RP Act, 1950 and Section 28A of the RP Act, 1951, which would have overriding effect over the disciplinary rules. Despite the unambiguous position regarding the Commission's disciplinary jurisdiction, there have been some cases where the certain disciplinary authorities didn't comply with in letter and spirit and the officials who were placed under suspension on the orders of the Commission were reinstated by the State Governments unilaterally without consulting the Commission. Therefore, in this context, the Commission addressed a letter to Cabinet Secretary to reiterate the position regarding the disciplinary jurisdiction of the Commission over the election related officers as brought out and explained in the DoPT OM dated 07.11.2000.

4.5 Consequently Ministry of Personnel, Public Grievances and Pensions (DoPT) vide their OM No. 11012(4)/2008-Estt.(A) dated 28.07.2008 conveyed to all ministries/departments of Govt. of India that it shall be mandatory for the disciplinary authority to consult with Election Commission. The matter is proposed to be closed on basis of written explanation given by officer concerned to enable the Commission to provide necessary inputs to the disciplinary authorities before the disciplinary authorities take a final decision. Further, Ministry of Personnel, Public Grievances and Pensions, DoPT, vide their Communication no. 11012 (4)/2008-Estt. (A) dated 08.12.2009 advised the Chief Secretary of all states to obtain the Commission's consent before reinstating any officer who is placed under suspension on the orders of the Commission.

5. The Commission has been bringing the above instructions to the notice of Chief Secretary of State/UTs from time to time; the latest being vide letter no. 464/INST/2019/EPS dt. 17.12.2019 (copy enclosed).

6. Therefore, I have been directed by the Commission that above instructions may be brought to notice of all concerned including DEOs/SPs and other officers engaged for election related work, for their information and strict compliance.

Yours faithfully,

(Narendra N. Butolia)
Sr. Principal Secretary

STANDARD DISTRIBUTION